29 (195) പനച്ചിക്കാട് ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്ക് ധനസഹായത്തോടെ പനച്ചിക്കാട് പഞ്ചായത്തിൽ നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും കൊല്ലാട് കുന്നംപള്ളി പ്രദേശത്ത് വെള്ളം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം ഉണ്ടാക്കുവാൻ എന്തു നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സമയബന്ധിതമായി കുന്നംപള്ളി പ്രദേശത്തു വെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പമ്പിംഗ് കൂടുതൽ തവണ നടത്തുവാനും അതിനോടൊപ്പം ഈ ഭാഗത്തുകൂടി കടന്നുപോകുന്ന മറ്റു ലൈനുകളിലൂടെയുള്ള ജലവിതരണം നിയന്ത്രിച്ച് ഈ ഉയർന്ന സ്ഥലങ്ങളിൽ (കൊല്ലാട്, കുന്നംപള്ളി) 'ടേൺ' വച്ച് വെള്ളം കൊടുക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു.

30 (196) കൊളച്ചേരി ശുദ്ധജലവിതരണ പദ്ധതി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൊളച്ചേരി ശുദ്ധജലവിതരണ പദ്ധതിയിൽ നിലനിൽക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലവിതരണം കൃത്യമായി നടക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) അപാകതകൾ പരിഹരിച്ച് ശുദ്ധജലം യഥാസമയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി) നിലവിലുള്ള പമ്പുസെറ്റുകൾ കാലപ്പഴക്കം ചെന്നവയാണ്. ഇവയുടെ അറ്റകുറ്റപ്പണികൾ തീർത്ത് ഇപ്പോൾ നല്ലനിലയിൽ പ്രവർത്തിപ്പിച്ച് ശുദ്ധജലവിതരണം കാര്യക്ഷമമായി നടക്കുന്നുണ്ട്. കൂടാതെ ശാശ്വത പരിഹാരമായി പുതിയ പമ്പുസെറ്റുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്നും അനുമതി നൽകുകയും അവ വാങ്ങി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly